# ഫോകസ് പോയന്റ്

# അകറ്റി നിർത്താം രോഗങ്ങളെ

## സൂക്ഷ്മജീവികളും രോഗങ്ങളും

| രോഗം | രോഗകാരികൾ | രോഗലക്ഷണങ്ങൾ | പകർച്ചാരീതികൾ |
|---|---|---|---|
| ക്ഷയം | മൈകോബാക്ടീരിയം ട്യൂബർകുലോസിസ് | ➢ ശരീരത്തിന് ഭാരക്കുറവ് അനുഭവപ്പെടുക<br>➢ ക്ഷീണം<br>➢ സ്ഥിരമായ ചുമ | ➢ രോഗി ചുമക്കുമ്പോളോ തുമ്മുമ്പോഴോ രോഗാണുക്കൾ വായുവിലേക്കും മറ്റുള്ളവരിലേക്കും വ്യാപിക്കും |
| എയ്ഡ്സ് | HIV [ഹ്യൂമൺ ഇമ്മ്യൂണോ ഡെഫിഷൻസി വൈറസ്] | ➢ രോഗാണുബാധയുണ്ടായി നാളുകളോളം പ്രത്യേക രോഗലക്ഷണങ്ങൾ ഒന്നും തന്നെ പ്രത്യക്ഷപ്പെടുന്നില്ല<br>➢ എന്നാൽ ലിംഫോസൈറ്റുകൾ നശിപ്പിക്കപ്പെടുന്നതുമൂലം പ്രതിരോധശേഷി ക്രമേണ കുറയുന്നു<br>➢ നിസ്സാരമായ രോഗങ്ങൾ പോലും ഗുരുതരമാകുന്നു ഇത് മരണത്തിലേക്ക് നയിക്കുന്നു | ➢ എച്ച് ഐ വി ബാധിതരുമായുള്ള ലൈംഗീക ബന്ധത്തിലൂടെ<br>➢ എച്ച് ഐ വി ബാധിതയായ അമ്മയിൽ നിന്ന് ഗർ ഭസ്ഥശിശുവിലേക്ക്<br>➢ എച്ച് ഐ വി ഘടകങ്ങളുള്ള സൂചിയും സിറിഞ്ചും പങ്കുവയ്ക്കുന്നതിലൂടെ<br>➢ എച്ച് ഐ വി അടങ്ങിയ രക്തവും അവയവങ്ങളും സ്വീകരിക്കുന്നതിലൂടെ |
| മലമ്പനി | പ്ലാസ്മോഡിയം [പ്രോട്ടോസോവ വിഭാഗം] | ➢ വിറയാലോടുകൂടിയ പനി<br>➢ അമിതവിയർപ്പ്<br>➢ തലവേദന<br>➢ ഛർദ്ദി<br>➢ വയറിളക്കം<br>➢ വിളർച്ച | അനോഫിലിസ് വിഭാഗത്തിൽപ്പെട്ട പെൺ കൊതുകുകളിലൂടെ |

KARIMBILHS

# ഹീമോഫീലിയ

**ചെറിയ മുറിവിൽ നിന്നുപോലും അമിതമായി രക്തനഷ്ടമുണ്ടാകുന്ന രോഗാവസ്ഥയാണ് ഹീമോഫീലിയ**

- ## കാരണം

**രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന രക്ത പ്ലാസ്മയിലെ ചില പ്രോട്ടീനുകളുടെ ഉല്പ്പാദനത്തെ നിയന്ത്രിക്കുന്ന ജീനുകളുടെ തകരാറാണ് കാരണം**

- ## ചികിത്സാരീതി

**ഇതൊരു ജനിതക രോഗമായതിനാൽ പരിപൂർണ്ണ ചികിത്സ നിലവിലില്ല. ഉല്പ്പാദനം തകരാറിലായ പ്രോട്ടീൻ കണ്ടെത്തി അത് കുത്തിവെച്ചാണ് രോഗത്തിന് തൽക്കാലിക ശമനം ഉണ്ടാക്കുന്നത്**

# കാൻസർ

**അനിയന്ത്രിതമായ കോശവിഭജനം വഴി കോശങ്ങൾ പെരുകി ഇതര കലകളിലേക്ക് വ്യാപിക്കുന്ന രോഗാവസ്ഥയാണ് കാൻസർ. കോശവിഭജനപ്രക്രിയയിലെ നിയന്ത്രണ സംവിധാനങ്ങൾ തകരാറിലാകുന്നതോടെയാണ് സാധാരണ കോശങ്ങൾ കാൻസർ കോശങ്ങളായി മാറുന്നത്**

## കാരണങ്ങൾ:-

- 1) പരിസ്ഥിതി ഘടകങ്ങൾ
- 2) പുകവലി
- 3) വൈറസ്
- 4) വികിരണം

5) പാരമ്പര്യഘടകങ്ങൾ

**രക്തം,ലിംഫ് എന്നീ ശരീരദ്രവങ്ങളിലൂടെ കാൻസർ കോശങ്ങൾ മറ്റുകോശങ്ങളിലേക്ക് വ്യാപിച്ച് രോഗാവസ്ഥ സങ്കീർണ്ണമാകുന്നു**

KARIMBIL HS

# ചികിത്സ

1)ശസ്ത്രക്രിയ 2)രാസചികിത്സ 3) വികിരണ ചികിത്സ

രോഗം മൂർച്ഛിച്ച അവസ്ഥയിൽ രോഗമുക്തി പ്രയാസകരമായതിനാൽ ഏറ്റവും നേരത്തെ രോഗബാധ തിരിച്ചറിയുക എന്നത് കാൻസർ ചികിത്സയിൽ നിർണ്ണായകമാണ്

PREPARED BY
ANEESH.M
HSA BIOLOGY
KARIMBIL HS KUMBALAPPALLY

KARIMBIL HS